എം.എസ്.സി.എൽ.പി.എസ് പുത്തൻപീടിക

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 2026

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | : എം എസ്. സി. എൽ. പി സ്കൂൾ, പുത്തൻ പീടിക |
| മേൽവിലാസം | : |
| ഫോൺ | : 9495605696 |
| സ്കൂൾ കോഡ് | : 38629 |
| വിദ്യാഭ്യാസ ഉപജില്ല | : പത്തനംതിട്ട |
| വിദ്യാഭ്യാസ ജില്ല | : പത്തനംതിട്ട |
| റവന്യൂ ജില്ല | : പത്തനംതിട്ട |
| ബി. ആർ. സി | : വെട്ടിപ്പുറം |
| സി. ആർ. സി | : ഓമല്ലൂർ |
| ഗ്രാമ പഞ്ചായത്ത് | : ഓമല്ലൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : ഇലന്തൂർ |
| ജില്ലാ പഞ്ചായത്ത് | : പത്തനംതിട്ട |
| നിയമ സഭാ മണ്ഡലം | : ആറന്മുള |
| ലോക സഭാ മണ്ഡലം | : പത്തനംതിട്ട |
| താലൂക്ക് | : കോഴഞ്ചേരി |
| വില്ലേജ് | : ഓമല്ലൂർ |
| ഇ-മെയിൽ വിലാസം | : Msclps 38629 @gmail.com |
| ഫേസ് ബുക്ക് | : |
| സ്കൂൾ വിക്കി | : |

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളുടെ ഗുണമേന്മ വർധിപ്പിക്കുന്ന തരത്തിൽ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്ത് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയാണ് ഓരോ വിദ്യാലയങ്ങളും. എല്ലാ പൊതുവിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളാകുക എന്ന ലക്ഷ്യം മുൻനിർത്തിയൊരുക്കുന്ന ഈ മാസ്റ്റർപ്ലാൻ ലക്ഷ്യം കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അതുവഴി വിദ്യാലയത്തിലെ കുരുന്നുകൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാകും. പൊതുസമൂഹത്തിന്റെ പിന്തുണ കൊണ്ട് വരും വർഷങ്ങളിലും വിദ്യാലയ മികവ് തുടർന്നുകൊണ്ടേയിരിക്കാനുള്ള പരിശ്രമത്തിലാണ് വിദ്യാലയം. അതിനു കരുത്തുപകരാൻ ഏറെ സഹായകമായ രീതിയിൽ ആണ് അക്കാദമിക മാസ്റ്റർപ്ലാൻ ഒരുക്കിയിട്ടുള്ളത്. ഇത് അഭിമാനപൂർവം സമർപ്പിക്കട്ടെ

പി.ടി.എ. പ്രസിഡന്റ്
റീനസൈമൺ

ഹെഡ്മിസ്ട്രസ്
സൂസമ്മ ഫിലിപ്പ്

# പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക
2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകൾ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പാക്കുന്നു.
3. ഓരോ കുട്ടിയുടെയും കഴിവും അഭിരുചിയും തിരിച്ചറിഞ്ഞ് പരമാവധി പ്രോത്സാഹനം നൽകുന്നു.
4. കലാ, കായിക അഭിരുചി വികസിപ്പിക്കുന്നതിനുള്ള പരിശീലനം
5. ഐ.സി.ടി സാധ്യത ഉപയോഗപ്പെടുത്തുന്നു
6. ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും രക്ഷിതാക്കളുമായി ചർച്ച ചെയ്യുന്നതിനു വ്യക്തിഗത പി.ടി.എ ചേരും
7. ആശയ പ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകമായ തരത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. അപകർഷതാ ബോധം ഒഴിവാക്കി 'ആക്ടീവായ' വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും
8. ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ് തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ

# ലക്ഷ്യങ്ങൾ

## ഭാഷാ വികസനം

- എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക
- എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമായ നിലവാരത്തിലുള്ള ആശയവിനിമയശേഷി നേടി എന്ന് ഉറപ്പുവരുത്തണം.
- സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക
- മികച്ച വായനാ ശീലം വളർത്തുക

## ഇംഗ്ലീഷ്

- ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുന്ന
- സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക
- സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക
- ആശയാവതരണ രീതിയിലൂടെ അടിസ്ഥാന ഭാഷാ ശേഷികൾ നേടാൻ സചിത്ര നോട്ട് ബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക.
- ക്ലാസ് തല വായന മൂല, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.

## പരിസരപഠനം

- ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
- ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
- ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

- കുട്ടികൾക്ക് ആത്മബലം ഉറപ്പാക്കുക.
- എല്ലാ കുട്ടികൾക്കും കായികാരോഗ്യ ക്ഷമത ഉറപ്പാക്കുക.
- ആരോഗ്യ ശീലങ്ങൾ വളർത്തുക
- ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക
- സ്കൂൾ പരിസരം മാലിന്യ മുക്തമാക്കുക.

## ഐ സി ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

- പഠനപ്രവർത്തനങ്ങളിൽ ഐ സി ടി സാധ്യതകൾ പ്രയോജനപ്പെടുത്തുക.
- അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നു.

## പ്രവൃത്തി പരിചയം

- നിർമ്മാണാത്മക കഴിവുകൾ കുട്ടികളിൽ വികസിപ്പിക്കുക
- ഇതര വിഷയങ്ങളുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക.
- പാഴ്വസ്തുക്കളിൽനിന്ന് പഠനോപകരണങ്ങളോ, പ്രയോജനപ്രദമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.

## കലാപരിശീലനം

- കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക
- കലാഭിരുചി വളർത്തുക.
- ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക
- 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ബോധം ഉണർത്തുന്ന തരത്തിലുള്ള പരിശീലനപരിപാടികൾ ഒരുക്കുക

## സാമൂഹികാവബോധം

- ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ എന്നിവ സംഘടിപ്പിക്കൽ.
- സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കാൻ പ്രാപ്തരാക്കുക.

## ഗണിതം

- അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക
- ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക
- ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിത ശേഷികൾ നേടി എന്നുറപ്പ് വരുത്തുക
- ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക
- ഗണിത ചിന്ത, യുക്തി ചിന്ത, വിശകലന ശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.
- സംഖ്യാവബോധം എല്ലാ കുട്ടികളിലും എത്തിക്കുന്നു എന്നുറപ്പ് വരുത്തുക

# അക്കാദമികം

| നേട്ടങ്ങൾ | പരിമിതികൾ |
|---|---|
| • ഓരോ കുട്ടിയുടെയും നേട്ടവും അഭിരുചിയും തിരിച്ചറിഞ്ഞ് പരിശീലനം ലഭ്യമാക്കുന്നു. | എല്ലാ കുട്ടികൾക്കും ഭാഷാ ശേഷി, ആശയ ശേഷി, എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. |
| • കലാപഠനം, പ്രവൃത്തിപരിചയ പഠനം, കായിക പഠനം എന്നിവയുടെ പ്രത്യേക പരിശീലനം. | മികച്ച ലാബ്, ലൈബ്രറി, ലാബ്, കമ്പ്യൂട്ടർ സൗകര്യം, എന്നിവയുടെ പരിമിതം. |
| • പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് രക്ഷിതാവിനൊപ്പമാണ് ഒന്ന് പ്രത്യേക പിന്തുണ പ്രവർത്തനങ്ങൾ. | സാമൂഹ്യമായി വിദ്യാലയ പ്രോത്സാഹനം നൽകുന്നതിലും രക്ഷിതാക്കളുടെയും കുട്ടികളുടെയും ഭാഗത്തുനിന്നുള്ള പങ്കാളിത്തം കുറവാണ്. |
| • പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ മികച്ച രീതിയിൽ നടപ്പാക്കുന്നു. | ഐ.ടി. അധിഷ്ഠിത പഠനം എന്നതിലേക്ക് ക്ലാസ്സ് ഒരുങ്ങിയിട്ടില്ല.<br>കുട്ടികളുടെ പഠന പിന്നോക്ക അവസ്ഥ പരിഹരിക്കേണ്ടതുണ്ട്. |
| • സർഗാത്മക വേദികൾ, ആശയ പ്രകാശന വേദികൾ എന്നിവയ്ക്ക് അവസരം നൽകുന്നു. | കായിക മത്സര പരിശീലനത്തിന് ആവശ്യമായ കളിസ്ഥലത്തിന്റെ പരിമിതി. |

# ഇംഗ്ലീഷ്

പ്രവർത്തനം : 1
പേര് : ഇംഗ്ലീഷ് അസംബ്ലി
ഉപമേഖല : പ്രകടനശേഷികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
| --- | --- | --- |
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ. | മാസത്തിൽ ഒരു തവണ കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | മാസത്തിൽ ഒരു തവണ |

പ്രവർത്തനം : 2
പേര് : ഇംഗ്ലീഷ് ചുമർപത്രിക (3,4 ക്ലാസുകളിൽ)
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
| --- | --- | --- |
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക. | മാസത്തിൽ ഏതെങ്കിലും വിഷയത്തെക്കുറിച്ച് ഇംഗ്ലീഷിൽ ചുമർപത്രിക ഒരുക്കൽ.<br>ഓഗസ്റ്റ് - സ്വാതന്ത്ര്യദിനം<br>സെപ്തംബർ - ഓണം<br>ഒക്ടോബർ - ഗാന്ധി<br>നവംബർ - കേരളം<br>ഡിസംബർ - ക്രിസ്മസ്<br>ജനുവരി - ന്യൂഇയർ | മാസം |

# മലയാളം / പഠനപിന്നോക്കാവസ്ഥ

പ്രവർത്തനം - 1
പേര് - പുസ്തകം എന്റെ ചങ്ങാതി
ഉപമേഖല - വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
| --- | --- | --- |
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക | ലൈബ്രറി പുസ്തകങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിനായി പ്രദർശിപ്പിക്കുന്നു | ആഴ്ചയിൽ ഒരു ദിവസം |

പ്രവർത്തനം - 2
പേര് - എന്റെ പിറന്നാൾ പുസ്തകം
ഉപമേഖല - വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
| --- | --- | --- |
| മികച്ച വായനാശീലം വളർത്തുക | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു 'പിറന്നാൾ പുസ്തകം' പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ. |